ഉത്തരം

(എ)	1996-97	490. 13 കോടി രൂപ.
	1997-98	793.31 കോടി രൂപ.
	1998-99	608.60 കോടി രൂപ.
	1999-2000	682.31 കോടി രൂപ.
	2000-2001	749.67 കോടി രൂപ പ്രതീക്ഷിക്കുന്നു.

(ബി) ഇല്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) വകമാറ്റി ചെലവ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്

42 (433) ശ്രീ.കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇത് വരെ എത്ര പ്രാവശ്യം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട് ; എന്നെല്ലാം ;

(ബി) ഈ കാലയളവിൽ എത്ര പ്രാവശ്യം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട് ;

(സി) വേയ്സ് ആന്റ് മീൻസിനും ഓവർഡ്രാഫ്റ്റിനും പലിശ നൽകേണ്ടതുണ്ടോ ; എങ്കിൽ പലിശയുടെ തോത് എത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ എന്ത് തുക കൊടുത്തിട്ടുണ്ട് ?

ഉത്തരം

(എ) 2001 ജനുവരി മാസം വരെ ആകെ 469 ദിവസം. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

1996-97	5 ദിവസം.
1997-98	41 ദിവസം.
1998-99	173 ദിവസം.
1999-2000	201 ദിവസം.
2000-2001	
ജനുവരി വരെ	69 ദിവസം.

(ബി) 2000 ഡിസംബർ വരെ 44 പ്രാവശ്യം ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വേയ്സ് ആന്റ് മീൻസ് അഡ്വാൻസിന് 8 ശതമാനം വാർഷിക പലിശയും ഓവർഡ്രാഫിറ്റിന് 10 ശതമാനം വാർഷിക പലിശയുമാണ്.

(ഡി) 2000 ഡിസംബർ വരെ 23.06 കോടി രൂപ.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ

43 (435) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി., സി.ഐ.സി., എൽ.ഐ.സി., നബാർഡ് തുടങ്ങിയ ഓരോ സ്ഥാപനങ്ങളിൽ നിന്നും 15-2-2001-ലെ കണക്കനുസരിച്ച് സംസ്ഥാനം എന്തു തുകയുടെ വായ്പയോ, മുൻകൂറോ വാങ്ങിയിട്ടുണ്ടോ ;

(ബി) ഈ വായ്പയോ, മുൻകൂറോ തിരിച്ചടയ്ക്കുന്നതിനുള്ള തവണ മുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണകൾ മുടങ്ങിയിട്ടുണ്ട് ;

(സി) തവണ മുടങ്ങിയതുമൂലമുണ്ടായിട്ടുള്ള കുടിശ്ശികയെത്ര ;

(ഡി) ഈ കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും എത്രയാണ് ;

(ഇ) ഈ ഓരോ സ്ഥാപനങ്ങൾക്ക് പ്രസ്തുത തീയതികളിൽ അടച്ചു തീർക്കാനുള്ള ആകെ വായ്പ തുക, പലിശ, പിഴപലിശ എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) എൻ.സി.ഡി.സി., സി.ഐ.സി., എൽ.ഐ. സി., നബാർഡ് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു.

എൻ.സി.ഡി.സി.	273.04 കോടി രൂപ.
സി.ഐ.സി.	179.26 കോടി "
എൽ.ഐ. സി.	718.59 കോടി "
നബാർഡ്	315.17 കോടി "

(ബി) ഉണ്ട്. എൽ.ഐ. സി.യിൽ രണ്ടു തവണ തുടങ്ങിയിട്ടുണ്ട്.

(സി) എൽ.ഐ. സി.

മേയ് മാസം	21.64 കോടി രൂപ.
നവംബർ മാസം	4.04 കോടി രൂപ.

(ഡി)

പലിശ: മേയ്	33.28 കോടി രൂപ.
നവംബർ	20.96 കോടി രൂപ.
പിഴ പലിശ	1.31 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly